# കോതമംഗലം രൂപത വിദ്യാഭ്യാസ രംഗത്ത് മാതൃക: മന്ത്രി അടൂർ പ്രകാശ്



മൂവാറ്റുപുഴ നിർമല മെഡിക്കൽ സെന്ററിനോടനുബന്ധിച്ചുള്ള ബിഎസ്സി നഴ്സിംഗ് കോളജിന്റെ ഉദ്ഘാടനം മന്ത്രി അടൂർ പ്രകാശ് നിർവഹിക്കുന്നു. സിസ്റ്റർ മെർലി, സിസ്റ്റർ ജോവിയറ്റ്, ജോണി നെല്ലൂർ, ഫാ. ജോൺ ആനിക്കോട്ടിൽ, മോൺ. തോമസ് മലേക്കുടി, പി.എൻ. സന്തോഷ്, ജോസഫ് വാഴയ്ക്കൻ എംഎൽഎ, തോമസ് പാറയ്ക്കൽ, യു.ആർ. ബാബു, സിസ്റ്റർ റിൻസി, ഷൈലജ പ്രഭാകരൻ എന്നിവർ സമീപം.

മൂവാറ്റുപുഴ: വിദ്യാഭ്യാസ രംഗത്ത് കോതമംഗലം രൂപത മാതൃകയാണെന്ന് മന്ത്രി അടൂർ പ്രകാശ്. മൂവാറ്റുപുഴ നിർമല മെഡിക്കൽ സെന്ററിനോടനുബന്ധിച്ചുള്ള നഴ്സിംഗ് കോളജിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് പ്രാബല്യം കൊടുക്കണം. വിദ്യാർഥികൾക്ക് കേരളത്തിനകത്തും പുറത്തും ജോലി ലഭിക്കുന്ന കോഴ്സാണ് നഴ്സിംഗ്. നേരത്തെ അന്യ സംസ്ഥാനങ്ങളിൽ പോയി നഴ്സിംഗ് പഠിക്കേണ്ട ഗതികേടിലായിരുന്നു കുട്ടികൾ. ഇതുവഴി കോടിക്കണക്കിന് രൂപയാണ് നമ്മുടെ നാട്ടിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകിയത്. നാട്ടിൽ അഡ്മിഷൻ ലഭിക്കുമോ എന്ന സംശയമാണ് അന്യ സംസ്ഥാനത്ത് വിദ്യാർഥികളെ പഠിക്കാൻവിടാൻ മാതാപിതാക്കളെ പ്രേരിപ്പിച്ചിരുന്നത്. അത് മാറണം. അടുത്ത വർഷം ഒരു സംശയവും ഉണ്ടാകാൻ പാടില്ല. ഇതിനായി നവംബറിൽ സർക്കാർ പ്രത്യേക യോഗവും ചേരും.

നഴ്സിംഗ് വിദ്യാഭ്യാസം കഴിഞ്ഞ് ഇന്റേണൽഷിപ്പ് എന്ന പീഠനം നടക്കുന്നുണ്ട്. ഇത് അവസാനിപ്പിക്കാനുള്ള തീരുമാനമെടുക്കും. നഴ്സിംഗ് പഠിച്ചുകഴിഞ്ഞാൽ അവരുടെ സേവനങ്ങൾ വളരെ വലുതാണ്. തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം നമുക്ക് വേണം. മാതൃകാപരമായ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും കാഴ്ച വയ്ക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

രാജ്യത്തിന്റെ സമ്പത്ത് വിദ്യാഭ്യാസ മേഖലയിലാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കോതമംഗലം രൂപത വികാരി ജനറാൾ മോൺ. തോമസ് മലേക്കുടി പറഞ്ഞു. സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ തൊഴിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ തുടങ്ങണമെന്നും അദ്ദേഹം വ്യക്തമാക്കി. ബിഎസ്സി നഴ്സിംഗ് കോളജ്, എൻജിനീയറിംഗ് കോഴ്സുകൾ ഇനിയും തുടങ്ങണം. കേരളത്തിൽ തൊഴിൽ രഹിതരായ വിദ്യാർഥികൾക്ക് തൊഴിൽ നൽകാനുള്ള നടപടിയുണ്ടാകണമെന്നും വികാരി ജനറാൾ ഓർമിപ്പിച്ചു.

ജോസഫ് വാഴയ്ക്കൻ എംഎൽഎ കോളജിന്റെ പുതിയ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു.

മുനിസിപ്പൽ ചെയർമാൻ യു.ആർ ബാബു, മുൻ എംഎൽഎ ജോണി നെല്ലൂർ, ഹോളിമാഗി ഫൊറോനാ പള്ളി വികാരി ഫാ. ജോൺ ആനിക്കോട്ടിൽ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.എൻ സന്തോഷ്, വാർഡ് കൗൺസിലർ ഷൈലജ പ്രഭാകരൻ, തോമസ് പാറയ്ക്കൽ, ജോയി നടുക്കുടി തുടങ്ങിയവർ പ്രസംഗിച്ചു.

ആശുപത്രി ഡയറക്ടർ സിസ്റ്റർ റിൻസി മന്ത്രിക്ക് ഉപഹാരം നൽകി. നിർമല മെഡിക്കൽ സെന്റർ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ജോവിയറ്റ് സ്വാഗതവും പ്രിൻസിപ്പൽ സിസ്റ്റർ മെർലി നന്ദിയും പറഞ്ഞു.